<u>പതിനാലാം കേരള നിയമസഭ</u>

<u>പത്തൊമ്പതാം സമ്മേളനം</u>

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 868** **04/03/2020-ലെ മറുപടി**

## ജലജീവൻ മിഷൻ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ടി. വി. ഇബ്രാഹിം<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് | | ശ്രീ. കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| എ) | 'ജലജീവൻ മിഷൻ' പദ്ധതി നടത്തിപ്പിന് കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന തുക എത്രയെന്നും ഈ പദ്ധതിയിൽ കേന്ദ്ര-സംസ്ഥാന അനുപാതം എത്രയെന്നും അറിയിക്കാമോ | (എ) | 'ജലജീവൻ മിഷൻ' പദ്ധതിക്കായി 2019-20 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാർ 248.76 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതിയുടെ കേന്ദ്ര-സംസ്ഥാന അനുപാതം 50:50 ആണ്. |
| ബി) | ജലജീവൻ മിഷനിൽ സംസ്ഥാനത്തെ ഏതെല്ലാം പ്രവൃത്തികളാണ് ഉൾപ്പെട്ടിരിക്കുന്നതെന്നും അവ ഏത് ഘട്ടത്തിലാണെന്നും അറിയിക്കാമോ; | ബി) | ജൽ ജീവൻ മിഷനിൽ പദ്ധതിയുടെ ഭാഗമായി ഗ്രാമീണ മേഖലയിൽ നിലവിലുള്ള ജല വിതരണ ശൃംഖലകളിൽ നിന്ന് കണക്ഷൻ നൽകുന്നതിനും ജല വിതരണ പൈപ്പുകൾ ഇല്ലാത്ത പ്രദേശങ്ങളിൽ പുതുതായി വിതരണ ശൃംഖല സ്ഥാപിച്ച് കണക്ഷനുകൾ നല്കുന്നതിനുമുള്ള പ്രവൃത്തികൾക്കായുള്ള പദ്ധതികൾ തയ്യാറാക്കി അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| സി) | കുടിവെള്ള വിതരണത്തിന് വേണ്ടി 2019-20 സാമ്പത്തിക വർഷത്തിൽ കേന്ദ്രത്തിൽ നിന്നും ലഭിച്ച തുക, അതിൽ ചെലവഴിച്ച തുക എന്നിവ അറിയിക്കാമോ? | സി) | കുടിവെള്ള വിതരണത്തിന് വേണ്ടി 2019-20 സാമ്പത്തിക വർഷത്തിൽ കേന്ദ്രത്തിൽ നിന്നും ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഒന്നാം ഗഡുവായി 101.29 കോടി രൂപ സംസ്ഥാന സർക്കാരിനു ലഭിച്ചിട്ടുണ്ട്. തുടർന്ന് സംസ്ഥാന സർക്കാർ 50 കോടി രൂപ സർക്കാർ നിർവ്വഹണ ഏജൻസിയായ കേരള ജല അതോറിറ്റിക്ക് സംസ്ഥാന വിഹിതമായും കേന്ദ്ര വിഹിതവുമായി അനുവദിച്ചിട്ടുണ്ട്. കൂടാതെ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് വേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിക്ഷേപിച്ചിട്ടുള്ള |

| | | | |
|---|---|---|---|
| | | | തുകയിൽ നിന്നും 152.58 കോടി രൂപ താൽക്കാലികമായി ജൽ ജീവൻ മിഷൻ പദ്ധതി നടത്തിപ്പിന് ഉപയോഗിക്കുവാൻ നിർവ്വഹണ ഏജൻസിയായ കേരള ജല അതോറിറ്റിക്ക് അനുമതി നൽകികൊണ്ട് സർക്കാർ ഉത്തരവായിരുന്നു.<br><br>കേരള വാട്ടർ അതോറിറ്റിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഡെപ്പോസിറ്റ് വർക്കുകൾക്കായി നിക്ഷേപിച്ച തുകയിൽ നിന്നും 75 കോടി രൂപ താല്ക്കാലികമായി കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി വിനിയോഗിച്ചിട്ടുണ്ട്. ഇപ്രകാരം ആകെ 125 കോടി രൂപ നടപ്പ് സാമ്പത്തിക വർഷത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി ചെലവഴിച്ചിട്ടുണ്ട്. |

Renuka Sankar
**സെക്ഷൻ ഓഫീസർ**